**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3264** 24/2/2016-ൽ മറുപടിക്ക്

## പോലീസ് ഉദ്യോഗസ്ഥരുടെ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം

ശ്രീ. പി.സി. വിഷ്ണുനാഥ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. ജോസഫ് വാഴയ്ക്കൻ

ശ്രീ.വി.ഡി.സതീശൻ

മറുപടി

രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പോലീസ് ഉദ്യോഗസ്ഥർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) | പോലീസ് ഉദ്യോഗസ്ഥർക്കായുള്ള ഇൻഷ്വറൻസ് പദ്ധതിക്ക് 01.02.2014 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 20/2014/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | ഡ്യൂട്ടിക്കിടയിൽ അപകടത്തിൽപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഇൻഷ്വറൻസ് കമ്പനി വഴി സംസ്ഥാനത്തെ വിവിധ ആശുപത്രികളുമായി സഹകരിച്ച് വളരെ വേഗത്തിൽ മതിയായ വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സഹായിക്കുന്നതിനും അപകടത്തിൽ മരണപ്പെടുന്നവരുടെ കുടുംബത്തിനും/ഗുരുതരമായ പരിക്ക് പറ്റുന്നവർക്കും മതിയായ ധനസഹായം ഉൾപ്പെടെ ലഭ്യമാകുന്ന തരത്തിലുള്ള പോളിസി ആണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ഈ-ടെണ്ടർ വഴി ടെണ്ടറുകൾ വകുപ്പുതലത്തിൽ ക്ഷണിച്ചിട്ടുണ്ട്. ഫെബ്രുവരി പതിനേഴാം തീയതി ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസമായും, ഫെബ്രുവരി ഇരുപത്തി രണ്ടാം തീയതി ടെണ്ടർ തുറക്കുന്ന ദിവസമായും നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ